**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 30.03.2016–ലെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം5.15–ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.
സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.03.2016–ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

2.1 **1203** തദ്ദേശഭരണ സ്ഥാപനങ്ങൾ **4053.26**കോടി രൂപ (**65.14** %) ചെലവഴിച്ചതായും ഇതിൽ **942** ഗ്രാമപഞ്ചായത്തുകൾ **2242.88** കോടി രൂപയും (**70.54** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **559.95** രൂപയും (**76.40 %) 14** ജില്ലാ പഞ്ചായത്തുകൾ **521.50** കോടി രൂപയും (**57.41**%), **86**മുനിസിപ്പാലിറ്റികൾ **452.52** കോടി രൂപയും, (**59.83**%), **6** കോർപ്പറേഷനുകൾ **276.39**കോടി രൂപയും (**42.82** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.
മുൻവർഷം ഇതേ സമയം ഗ്രാമപഞ്ചായത്തുകൾ 67.39%, ബ്ലോക്ക് പഞ്ചായത്തുകൾ 78%. മുനിസിപ്പാലിറ്റികൾ 68%, കോർപ്പറേഷനുകൾ 56% ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 എറണാകുളം ജില്ലാ പഞ്ചായത്ത് (ഫയൽനം.28/എഫ്.എം.2/2016/തസ്വഭവ)**
2015–ലെ കേരളോത്സവത്തിന് അധികമായി ചെലവായ 120012 രൂപ തനത് ഫണ്ടിൽ നിന്നും ചെലവാക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.
(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ചേന്നംപള്ളി ഗ്രാമപഞ്ചായത്ത് (ഫയൽനം. 592/ എ.ബി.1/2015/തസ്വഭവ്)**
മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.
(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 അടൂർ നഗരസഭ (ഫയൽനം.59/എഫ്.എം.1/2016/തസ്വഭവ)**
നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ തുക ബാക്കിയുണ്ടെങ്കിൽ ആയത് വാട്ടർ അതോറിട്ടിയുടെ കുടിശ്ശിക തുക അടവാക്കുന്നതിന് ഉപയോഗിക്കാൻ അനുമതി തീരുമാനിച്ചു.
(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ചാവക്കാട് നഗരസഭ (ഫയൽനം.341/ആർ.സി.1/2016/തസ്വഭവ)**
നഗരസഭയുടെ മാലിന്യ സംസ്ക്കരണശാലയ്ക്ക് സമീപം സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.
(പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്** വിളപ്പിൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടറും റെയിൽവേ അണ്ടർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിനായി റെയിൽവേയ്ക്ക് സെന്റേജ് ചാർജ് അടവാക്കാൻ അനുവാദം ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.
(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പെരിങ്കടവിള ഗ്രാമപഞ്ചായത്ത്**
ജനറൽ വിഭാഗം പദ്ധതിയിൽ അലോട്ട്മെന്റ് കുറവ് വന്നത് സംബന്ധിച്ച് ധനവകുപ്പ് നടപടി എടുത്തതായി റിപ്പോർട്ട് ചെയ്തു.
(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പുളിമാത്ത് ഗ്രാമപഞ്ചായത്ത്**

സംയുക്ത പദ്ധതികളിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി തുക നൽകുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ വിശദമായ ഉത്തരവ് നിലവിലുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്**

നടപ്പു സാമ്പത്തിക വർഷം ചെലവാകാതെ ബാക്കിയുള്ള തുക ഐ.കെ.എം.ന് വിഹിതം അടവാക്കാനും തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിന് ഉപയോഗിക്കാനും നേരത്തെ അനുവദിച്ചു തീരുമാനമുള്ളതായും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ വികസനഫണ്ടിലും നോൺറോഡ് മെയിന്റനൻസ് ഫണ്ടിലും ബാക്കി നിൽക്കുന്ന തുകയുടെ വ്യത്യാസം പൊരുത്തപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കൃഷി ഡയറക്ടറുടെ കത്ത്**

താൽക്കാലികാടിസ്ഥാനത്തിൽ കൃഷി ഓഫീസറെ നിയമിച്ചിരിക്കുന്ന പഞ്ചായത്തുകളിൽ അവർ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ ബില്ലുകൾ മാറുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 താന്ന്യം ഗ്രാമപഞ്ചായത്ത് (ഫയൽനം.80783/ഡി.എ2/14/തസ്വഭവ)**

കോളനിക്കു പുറത്തുള്ള 300 മീറ്റർ റോഡ് ജനറൽ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പുതുപ്പാടി ഗ്രാമപഞ്ചായത്ത് (ഫയൽനം.381408/ഡി.എ3/15/തസ്വഭവ)**

ഗ്രാമസഭാ യോഗങ്ങൾ ചേരുന്നത് വീഡിയോയിൽ പകർത്തുന്നത് പകരം ഫോട്ടോ എടുത്ത് വിവരാവകാശപ്രകാരം ആവശ്യപ്പെട്ടവർക്ക് നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 വടക്കേക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽനം.217/എബി3/15/തസ്വഭവ)**

2012–13–ലെ കുടുംബശ്രീ വഴി എസ്.സി. വിഭാഗത്തിലും ജനറൽ വിഭാഗത്തിലും ആടുവളർത്തൽ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 തിടനാട് ഗ്രാമപഞ്ചായത്ത്**

റ്റി.എസ്.പി. പദ്ധതികളിലെ ബില്ലു മാറുന്നത് സംബന്ധിച്ച അപാകതകൾ പരിഹരിച്ചുകഴിഞ്ഞതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 വടകര ബ്ലോക്ക് പഞ്ചായത്ത്**

ഗ്ലോബൽ ഗ്രാമസഭ എന്ന പദ്ധതിക്ക് അനുവാദം ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 വടകര ബ്ലോക്ക് പഞ്ചായത്ത്**

കലാകായിക വിദ്യാഭ്യാസത്തിനായി പദ്ധതി നടപ്പാക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലല്ലെന്നും എന്നാൽ സംയുക്ത പ്രോജക്ടായി നടപ്പാക്കാൻ തടസ്സമില്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ചേലക്കര ഗ്രാമ പഞ്ചായത്ത്**

2011–12 വർഷത്തെ സ്ട്രീറ്റ് ലൈറ്റ് വ്യാപനം സിഡ്കോ വഴി നടപ്പിലാക്കിയതിന്റെ പേയ്മെന്റ് സംബന്ധിച്ച് 23.09.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം മാറ്റേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ആനക്കയം ഗ്രാമ പഞ്ചായത്ത് (ഫയൽനം.446/എബി2/15/തസ്വഭവ)**

2007–08, 2008–09, 2009–10 വർഷങ്ങളിലെ ഓഡിറ്റ് തടസ്സം സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കത്ത് (ഫയൽനം.165/ഡി.എ1/15/തസ്വഭവ)**

പട്ടികജാതി വികസന പദ്ധതി സംബന്ധിച്ച് മാർഗരേഖയിൽ വ്യക്തമായ വ്യവസ്ഥകളുണ്ടെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽനം.66/എ.സി.2/16/തസ്വഭവ)**

2012–13, 2013–14 വർഷങ്ങളിലെ ഓഡിറ്റ് തടസ്സം സംബ്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ഐ.കെ.എം.എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

ഐ.കെ.എം.ന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും മാറ്റി വയ്ക്കേണ്ട തുക ജി.ഒ. പ്രോജക്ടായി നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കരുങ്കുളം ഗ്രാമപഞ്ചായത്ത്**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ഫണ്ട് അനുവദിച്ചതായി യോഗം റിപ്പോർട്ട് ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 മലപ്പുറം ജില്ലാ പഞ്ചായത്ത്**

പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള സമയം ദീർഘിപ്പിക്കണമെന്നുള്ളത് ഇപ്പോൾ പ്രസ്കതമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കടപ്പുറം ഗ്രാമപഞ്ചായത്ത്**

നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ളക്കരം അടവാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കീരമ്പാറ ഗ്രാമപഞ്ചായത്ത് (ബഹു. കോതമംഗലം എം.എൽ.എ ശ്രീ.റ്റി.യു. കുരുവിള മുഖേന)**

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് വീടിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ട വിഷയമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

സംയ്ക്ത പദ്ധതി നിർവഹണത്തിലെ കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ചും സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന പ്രോജക്ടുകൾക്ക് സഹായം നൽകുന്നതിനും ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുള്ളതാണെന്ന് നിരീക്ഷിച്ചു .

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 കൊല്ലം ജില്ലാ പഞ്ചായത്ത്**

സാക്ഷരത മിഷന്റെ തുല്യത കോഴ്സിന് 2013-14, 2014-15 വർഷങ്ങളിലെ ചെലവായ തുകയ്ക്കുള്ള ഓഡിറ്റ് സാധൂകരണത്തിന് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 കൊല്ലം ജില്ലാ പഞ്ചായത്ത്**

പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള സമയം ദീർഘിപ്പിക്കണമെന്നുള്ളത് ഇപ്പോൾ പ്രസ്കതമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 വേങ്ങര ഗ്രാമപഞ്ചായത്ത്**

ആവർത്തന ചെലവുകൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാൻ പാടില്ലെന്ന വ്യവസ്ഥയോടെ വാഹനം വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 കേരള പഞ്ചായത്ത് സെക്രട്ടറീസ് അസോസിയേഷൻ**

വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നിലവിലെ വ്യവസ്ഥ അനുസരിച്ച് നടപടി എടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കിഴക്കേക്കല്ലട ഗ്രാമപഞ്ചായത്ത് (ഫയൽ നം.52/എഫ്.എം.2/16/തസ്വഭവ)**

കെ.എസ്.ആർ.ടി.സി. സ്റ്റേ സർവീസ് നടത്തുന്ന ജീവനക്കാർക്ക് സ്റ്റേ റൂമിന് വാടക നൽകണമെന്ന ആവശ്യം ഒരു വർഷത്തേയ്ക്ക് പ്രത്യേക കേസായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 കോട്ടയം മുനിസിപ്പാലിറ്റി (ഫയൽ നം.66/ആർ.സി.1/16/തസ്വഭവ)**

വടവാതൂർ ഡംബിംങ്ങ് യാർഡ് LAR കേസ് വിധിയിലെ തുക പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നത് പ്രത്യേക കേസായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 തിരുവില്വാമല ഗ്രാമപഞ്ചായത്ത് (ഫയൽ നം.5/എഫ്.എം3/16/തസ്വഭവ)**

2011-12 -ലെ ഓഡിറ്റ് തടസ്സം സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 കൂവപ്പാടി (ഫയൽ നം.46/ഡി.ബി1/16/തസ്വഭവ)**

പട്ടികജാതിക്കാർക്കുള്ള ഫ്ളാറ്റ് നിർമ്മാണത്തിന് അധിക തുക നൽകുന്നത് സംബന്ധിച്ച് 24.02.2016–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടറുടെ കത്ത്**

മുൻ വർഷങ്ങളിലെപ്പോലെ സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു. ഇതിൻ പ്രകാരം ജില്ലാ പഞ്ചായത്ത്/മുനിസിപ്പൽ കോർപ്പറേഷൻ 25 ലക്ഷം രൂപ വീതവും, ബ്ലോക്ക് പ ഞ്ചായത്ത്/മുനിസിപ്പാലിറ്റി 10 ലക്ഷം രൂപ വീതവും, ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപ വീതവും സംഭാവന നൽകുന്നതിന് ജി.ഒ. പ്രോജക്ടായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

റോറോ ജംഗാർജെട്ടി ഡിപ്പോസിറ്റ് വർക്കിന് സ.ഉ.(സാധാ)നം.1282/16/തസ്വഭവ നമ്പരിലുള്ള 18.03.2016–ലെ ഉത്തരവു പ്രകാരവും, ഫോർട്ട് കൊച്ചി വൈപ്പിൻ ഫെറി സർവീസിനുവേണ്ടി ബോട്ട് നിർമ്മിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്യുന്നതിന് സ.ഉ.(സാധാ)1285/2016 തസ്വഭവ 18.03.2016–ലെ ഉത്തരവ് പ്രകാരവും, 40 അടി വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് 3 കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തുന്നതിന് സ.ഉ.(സാധാ)1310/2016/തസ്വഭവ തീയതി 22.03.2016–ലെ ഉത്തരവു പ്രകാരവും ജി.ഒ പ്രോജക്ടായി നടപ്പാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 ഗ്രാമവികസന കമ്മീഷണറുടെ കത്ത്**

**SIRD** യുടെ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ വീതം സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 പനമരം ബ്ലോക്ക് പഞ്ചായത്ത്**

നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50% തുക മുൻകൂറായി സിഡ്കോയ്ക്ക് നൽകണമെന്ന ആവശ്യത്തിന്മേൽ വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 ഇരവിപ്പേരൂർ ഗ്രാമപഞ്ചായത്ത് (ബഹു.ആറന്മുള എം.എൽ.എ ശ്രീ. കെ. ശിവദാസൻ നായർ മുഖേന)**

കോഴിമല കുടിവെള്ള പദ്ധതിയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നത് സംബന്ധിച്ച് 05.08.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 3.10 ബാധകമാണെന്ന് നിരീക്ഷിച്ചു.

(വൈകുന്നേരം 6.15 ന് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 13.04.2016 ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**